ത്തിലാകയാൽ വ്യത്യസ്തതകൾ സ്വാഭാവികമാണ്. എന്നാൽ ശമ്പളത്തിലുള്ള ഏറ്റവും കുറഞ്ഞ ആനുകൂല്യം 250 രൂപയിൽ കുറയരുതെന്ന് ഉത്തരവുണ്ട്.

(സി) 1.3.97 നും 25.11.98 നും ഇടയ്ക്കുള്ള കാലയളവിൽ ലഭിച്ച സ്പെഷ്യൽ പേയുടെ ക്ഷാമബത്തയും മറ്റാനുകൂല്യങ്ങളും തിരിച്ചുപിടിക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓവർ ടൈം നൽകുന്ന കാര്യം പരിഗണനയിലല്ല.

49 (1498) തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിലത്തെഴുത്താശാൻമാർ (25000), പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർ (1 ലക്ഷം), സ്കൂൾ പാചകത്തൊഴിലാളികൾ (25000), സ്വർണ്ണ തൊഴിലാളികൾ (2.5 ലക്ഷം), അംഗീകൃത വ്യവസായ സ്കൂൾ അദ്ധ്യാപികമാർ (12000), കളിമൺ പാത്രത്തൊഴിലാളികൾ, മരമിൽത്തൊഴിലാളികൾ, സ്വകാര്യ ലോറി ടെമ്പോ-ടാക്സിത്തൊഴിലാളികൾ തുടങ്ങിയ തൊഴിലാളി വിഭാഗങ്ങൾക്ക് പെൻഷൻ, ക്ഷേമനിധി തുടങ്ങിയ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

50 (1499) ബോണ്ടഡ് വെയർഹൗസ് സംവിധാനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യത്തെ സംബന്ധിക്കുന്ന ബോണ്ടഡ് വെയർഹൗസ് സംവിധാനം എന്നുമുതലാണ് നിർത്തലാക്കിയത്;

(ബി) ഈ സംവിധാനത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിനുള്ള പങ്കെന്തായിരുന്നു;

(സി) ഈ സംവിധാനം മൂലം ഉണ്ടായിരുന്ന ഗുണവശങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) ഇപ്പോൾ വിദേശ മദ്യത്തിന്റെ ഹോൾസെയിൽ വിൽപ്പനയിൽ എക്സൈസ് വകുപ്പിനുള്ള ഉത്തരവാദിത്വമെന്താണ്;

(ഇ) ബോണ്ടഡ് വെയർഹൗസ് സംവിധാനം നിർത്തിയശേഷം സംസ്ഥാനത്ത് കൊണ്ടുവരുന്ന വിദേശമദ്യം എത്ര എന്നും സപ്ലൈ ചെയ്യുന്നതെത്രയെന്നും അപ്രകാരമാണ് അറിയുന്നത്;

(എഫ്) ബോണ്ടഡ് വെയർഹൗസ് സംവിധാനം എന്തെല്ലാം കർത്തവ്യങ്ങളാണ് നിർവഹിച്ചിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly